# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : ശ്രീ.വി.എൻ.ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

ഉത്തരവ് നം.: E7-34571/13. തീയതി 24-3-2014.

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയുടെ 21-02-2014ലെ OP (KAT) &No. 1584/2013 (2) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. G.O(P) നം.54/2010/SWD തീയതി: 10.8.2010.
2. 26.7.2011ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ9-3239/11 നമ്പർ ഉത്തരവ്.
3. 21.4.2012ലെ സാമൂഹ്യനീതി ഡയറക്ടറുടെ E7-11602/12/സാ.ക്ഷേ.വ നം. നടപടിക്രമം.
4. 27.9.2013ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ7-34571/13 നമ്പർ ഉത്തരവ്.
5. 20.1.2014ലെ സാമൂഹ്യനീതി ഡയറക്ടറുടെ E11-34300/13 നമ്പർ ഉത്തരവ്.
6. ബഹു.കേരള ഹൈക്കോടതി OP (KAT) നം.1584/2013(Z)ൻമേൽ പുറപ്പെടുവിച്ച 21.2.2014ലെ വിധിന്യായം.
7. ചീഫ് ഇലക്ടറൽ ഓഫീസറുടെ 24.03.2014ലെ 1300(575)/EL4/2014/Election - MCC നമ്പർ കത്ത്.

ശ്രീ.എൻ. കുമരേശൻ ആശാരി മുതൽ പേർ ചേർന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 2043/12 നമ്പർ കേസിലെ 01.04.2013 തീയതിയിലെ വിധിക്കെതിരെ എതിർകക്ഷികൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) 1584/2013(Z) ൻമേലുള്ള പരാമർശം (6) പ്രകാരമുള്ള അന്തിമ വിധിയ്ക്ക് വിധേയമായി ശ്രീ. എൻ. കുമരേശൻ ആശാരി, ശ്രീമതി. പി. ബിജി, ശ്രീ. കെ. ജെ. രാജു, ശ്രീമതി. കെ. എൽ. ഷൈനി എന്നിവരെ പരാമർശം (3)ലെ ഉദ്യോഗക്കയറ്റ തീയതിയായ 21.4.2012 തീയതി പ്രാബല്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ മൂന്ന് മാസകാലയളവിനുള്ളിൽ ഉദ്യോഗക്കയറ്റം പുനസ്ഥാപിച്ച് നിയമനം നൽകേണ്ടതുണ്ട്.

2) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിൽ രണ്ട് ഒഴിവുകളാണു ള്ളത്. സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പരാമർശം (5) പ്രകാരം നടത്തപ്പെട്ട ഉദ്യോഗക്കയറ്റത്തിനെ തുടർന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ KS&SSR ചട്ടം 31(a)(i) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ടിട്ടുള്ള രണ്ട് ജീവനക്കാരെ അവരുടെ മാതൃ സർവ്വീസായ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ടാൽ, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ റിവർഷൻ ഒഴിവാക്കിക്കൊണ്ട് ഖണ്ഡിക (1)ൽ പരാമർശിച്ച നാല് ജീവനക്കാർക്ക് ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായത്തിനനുസൃതമായി ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ലേയ്ക്ക് നിയമനം നൽകാൻ കഴിയുന്നതായിരിക്കും.

3) പരാമർശം (4)ലെ ഉത്തരവ് പ്രകാരം പാലക്കാട് ഒബ്സർവേഷൻ ഹോമിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.ആർ.പ്രദീപനെ, തൃശൂർ ജുവനൈൽ ഹോമിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിരുന്നു. മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് വഴിയുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്തിട്ടുള്ള ഈ ജീവനക്കാരനെ കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വഴിയുള്ള ഉദ്യോഗക്കയറ്റ നിയമന തസ്തികയായ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II ആയി പരിഗണിച്ച നടപടി ചട്ടവിരുദ്ധമായതിനാൽ ടി നിയമനവും ഇതിനോടൊപ്പം ക്രമീകരിക്കേണ്ടതുണ്ട്.

4) മേൽവിശദികരിച്ച പ്രകാരം ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (6)ലെ വിധിന്യായം നടപ്പിലാക്കി ഖണ്ഡിക (1)ൽ പരാമർശിച്ച നാല് ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നതിനായി, ഖണ്ഡിക (2)ൽ വിശദമാക്കിയതിൻ പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചുവരുന്നവരും വിശേഷാൽ ചട്ടാനുസരണം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്തിട്ടില്ലാത്തതുമായ രണ്ട് പേർക്ക് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകേണ്ടതുണ്ട്. ആയതിലേക്ക് പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് ചുവടെ ചേർക്കുന്ന രണ്ട് പേർ അർഹരാണ്.

1) ശ്രീ.പി.ഷൈലകുമാർ (235)
2) ശ്രീ.പി.പരമേശ്വരൻ (244)

ടി ജീവനക്കാരെ KS&SSR ചട്ടം 28(എ)1 പ്രകാരം 16180-29180/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ നേർക്ക് ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗക്കയറ്റം**

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1 | **ശ്രീ.പി.ശൈലകുമാർ**<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ബാല വികലാംഗസദനം, ആലപ്പുഴ | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, എറണാകുളം. | |
| 2 | **ശ്രീ.പി.പരമേശ്വരൻ**<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഒബ്സർവേഷൻ ഹോം, മലപ്പുറം | ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | |

5) ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II -ന്റെ ഫീഡർ കാറ്റഗറി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ആയതിനാൽ പരാമർശം (4) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ഓപ്റ്റ് ചെയ്തിട്ടുള്ള തൃശൂർ ജുവനൈൽ ഹോമിലെ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II ശ്രീ.കെ.ആർ. പ്രദീപനെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് മാറ്റിക്കൊണ്ട് തൃശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

6) 2014-ലെ പാർലമെന്റ് ഇലക്ഷൻ മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ ചീഫ് ഇലക്ടറൽ ഓഫീസർ പരാമർശം (7) പ്രകാരം നൽകിയിട്ടുള്ള അനുമതിയ്ക്ക് വിധേയമായിട്ടാണ് ഈ ഉത്തരവ് പുറപ്പെടുവിക്കുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ ആയതിന് ഭംഗം വരാത്ത രീതിയിൽ മാത്രം കാര്യാലയ മേധാവികൾ ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും വിടുതൽ / പ്രവേശന തീയതികൾ ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഈ ഉത്തരവ് ജീവനക്കാരുടെ ഇലക്ഷൻ ഡ്യൂട്ടിയ്ക്ക് യാതൊരു വിധ ഭംഗവും വരുന്നില്ലായെന്ന് വ്യക്തിപരമായി ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ടവർക്ക് (കാര്യാലയമേധാവി മുഖാന്തിരം).

പകർപ്പ്:

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ, ആലപ്പുഴ / മലപ്പുറം/ തൃശൂർ/ എറണാകുളം
2. സൂപ്രണ്ട്, ജുവനൈൽ ഹോം, തൃശൂർ.
3. E9 സീറ്റ്.
4. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

DB/2014